2012-13 സാമ്പത്തിക വർഷം കാപെക്സിന് മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി സെക്ടർ ബ്രാൻഡ് ബിൽഡിംഗ് ഉൾപ്പെടെ 23 കോടി രൂപ അനുവദിച്ചുനൽകി.

2013-14 സാമ്പത്തിക വർഷം ബ്രാൻഡ് ബിൽഡിംഗ് ആന്റ് മാർക്കറ്റ് അവേയർനസ്-ഇൻ-ഇന്ത്യ ആന്റ് ഇന്റർനാഷണൽ മാർക്കറ്റ് എന്ന പദ്ധതിക്ക് 1.00 കോടി രൂപയും മോഡേണൈസേഷൻ ആന്റ് പാർഷ്യൽ മെക്കനൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറീസ് ഓഫ് കാപെക്സിന് 24.30 കോടി രൂപ ഉൾപ്പെടെ ആകെ 25.30 കോടി രൂപ അനുവദിച്ചുനൽകി.

2014-15 സാമ്പത്തിക വർഷം കാപെക്സിന് ബ്രാൻഡ് ബിൽഡിംഗ് ആന്റ് മാർക്കറ്റ് അവേർനസിന് 2.00 കോടി രൂപയും മോഡേണൈസേഷൻ ആന്റ് പാർഷ്യൽ മെക്കനൈസേഷൻ ഓഫ് ഫാക്ടറീസിന് 18.00 കോടി രൂപയും ഉൾപ്പെടെ ആകെ 20.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ നാടൻ തോട്ടണ്ടിയുടെ ലഭ്യത കൂട്ടുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിവഴി കശുമാവ് കൃഷി വ്യാപകമായി നടപ്പിലാക്കിവരുന്നു. ഇതിനായി 2012-13-ൽ 4.1 കോടി രൂപയും 2013-14 ൽ 4.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15-ലെ ബഡ്ജറ്റിൽ 4.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ബഡ്ജറ്റിൽ 2011-12 മുതൽ 2013-14 വരെ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി വികസന ഏജൻസിക്ക് നൽകിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

192 (6643) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് കോംട്രസ്റ്റ് ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ മാതൃകയിൽ മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആലോചിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിഗണനയിലില്ല. മാവൂർ ഗ്വാളിയോർ റയോൺസിന് വ്യാവസായിക ആവശ്യത്തിനായി ഏറ്റെടുത്തുനൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly